**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1011** — **30.9.2016 ൽ മറുപടിയ്ക്ക്**

**പച്ചത്തേങ്ങ സംഭരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. കെ. സി. ജോസഫ്<br>ശ്രീ. അനിൽ അക്കര<br>ശ്രീ. വി.എസ്.ശിവകമാർ | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) കേരഫെഡ് നടത്തിവരുന്ന പച്ചത്തേങ്ങ സംഭരണം സ്തംഭനാവസ്ഥയിലേക്കെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട കൃഷി ഭവനുകൾ വഴി പച്ചത്തേങ്ങ സംഭരണം ഇപ്പോഴും തുടർന്നു വരുന്നുണ്ട്. |
| (ബി) മെയ് മാസം മുതൽസംഭരിച്ചുവന്ന തേങ്ങയുടെ വില വിതരണം ചെയ്യുന്നതിൽ തടസ്സം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) ഉണ്ട്. കേരഫെഡിന്റെ പ്രവർത്തനങ്ങളിൽ ആക്ഷേപം ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് കൃഷി വകുപ്പ് സ്പെഷ്യൽ വിജിലൻസ് സെൽ പരിശോധിക്കുകയും ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുകയും വിശദമായ അന്വേഷണത്തിനായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) തേങ്ങയുടെ സംഭരണ വില കൂട്ടുന്നത് പരിഗണനയിലുണ്ടോ; | (സി) ഉണ്ട്. ബജറ്റിൽ പ്രഖ്യാപിച്ച 27 രൂപ നിരക്കിൽ പച്ചത്തേങ്ങയുടെ സംഭരണവില വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) കേര കർഷകർക്ക് സംഭരണ തുക കൃത്യസമയത്ത് നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (ഡി) ഫണ്ടിന്റെ ലഭ്യതയ്ക്കായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് സർക്കാർ ഗ്യാരന്റിയോടെ വായ്പയെടുക്കുന്നതിനും കേര കർഷകർക്ക് തുക യഥാസമയം നൽകുന്നതിനും കേരഫെഡിന് നിർദ്ദേശം നല്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**